**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 241** **10-06-2024 - ൽ മറുപടിയ്ക്ക്**

**ശസ്ത്രക്രിയാ പിഴവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ ആറാം വിരൽ മുറിച്ചുമാറ്റുന്ന ശസ്ത്രക്രിയക്കായി എത്തിയ കുട്ടിയുടെ നാവിന് ഓപ്പറേഷൻ നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സംഭവം അന്വേഷിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി മൊഴികളും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പിഴവ് വരുത്തിയ ഡോക്ടറെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ശസ്ത്രക്രിയക്ക് വിധേയയായ കുട്ടിയുടെ മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതി കൂടാതെ കുട്ടിയുടെ നാവിന് ശസ്ത്രക്രിയ നടത്തിയത് ആശുപത്രി അധികൃതരുടെ ഭാഗത്തുള്ള ഗുരുതരമായ പിഴവാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ പിഴവിന് ഉത്തരവാദികൾ ആരൊക്കെയാണ്; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; | (ബി) | (എ) പിരിവിൽ ചേർത്ത പ്രകാരം. |
| (സി) | ചികിത്സാ പിഴവുകൾ ഉണ്ടാകുമ്പോൾ ഏതെങ്കിലും ഡോക്ടറുടെയോ ജീവനക്കാരന്റെയോ ചുമലിൽ കുറ്റം ചുമത്തി ആരോഗ്യരംഗത്തെ സംവിധാനങ്ങളിലെ പിഴവുകളെ മറച്ചുപിടിക്കുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തുണ്ടാകാറുള്ളത് എന്നും വിശദമായ അന്വേഷണവും തിരുത്തൽ നടപടികളും ഉണ്ടാകാറില്ലെന്നും ഡോക്ടർമാരുടെ സംഘടനാ പ്രതിനിധി മാധ്യമങ്ങളിൽ അഭിപ്രായപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഏതെങ്കിലും തരത്തിലുള്ള ചികിത്സാ പിഴവ് അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരം സംഭവങ്ങളിൽ വിശദമായ അന്വേഷണം നടത്തി ആരോഗ്യ സംവിധാനങ്ങളിലെ പിഴവുകളും പരിമിതികളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇത്തരത്തിലുള്ള പരാതികളെ അതീവ ഗൗരവമായിക്കണ്ട് അതാത് സ്ഥാപന തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തീയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ |

| | | | |
|---|---|---|---|
| | | | കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തീയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിങ്ങും ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ശസ്ത്രക്രിയക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും, തീയേറ്ററിന്റെ ചുമതലയുള്ള സീനിയർ നേഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നേഴ്സിംഗ് ഓഫീസറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തീയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ